I/82871/2023

"ഭരണഭാഷ-മാതൃഭാഷ"

DWCD/81/2023-B2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-02-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ/മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അംഗനവാടി വർക്കർ/ഹെൽപ്പർ/താൽക്കാലിക അംഗനവാടി പ്രവർത്തകർ എന്നിവരുടെ വിട്ടുതൽ തീയതികൾ (termination date)Spark ൽ update ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- 1. 27/10/2022 ലെ DWCD/3865/2022-B2 നം സർക്കുലർ
2 സർക്കാർ പരിപത്രം നമ്പർ 64/2019/ധന തീയതി 01/07/19
3 സർക്കാർ പരിപത്രം നമ്പർ 56/2020/ധന തീയതി 06/10/20
4 സർക്കാർ പരിപത്രം നമ്പർ 98/2021/ധന തീയതി 25/10/21

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. SPARK എന്നത് ഒരു ആധികാരിക സോഫ്റ്റ് വെയർ ആണെന്നിരിക്കെ ആയത് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സൂചന സർക്കുലറുകൾ പ്രകാരം സർക്കാർ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അംഗനവാടി വർക്കർ/ഹെൽപ്പർ/താൽക്കാലിക പ്രവർത്തകർ എന്നിവരുടെ സർവീസ് അവസാനിപ്പിച്ച ശേഷം SPARK മുഖേന നൽകുന്ന termination തീയതിയിൽ നിരന്തരം CDPO മാർ തെറ്റ് വരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ വ്യക്തമായ മാർഗ നിർദേശം നൽകി സൂചന (1) പ്രകാരം ഈകാര്യാലയത്തിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിരുന്നു

എന്നാൽ സർക്കാർ നിർദേശങ്ങൾക്കും വകുപ്പ് തല നിർദേശങ്ങൾക്കും വിരുദ്ധമായി അംഗനവാടി പ്രവർത്തകരുടെ വിട്ടുതൽ തീയതികൾ SPARK ൽ രേഖപ്പെടുത്തുന്നതിൽ CDPO മാർ തുടർന്നും വീഴ്ച വരുത്തി വരുന്നു. മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് കാരണം അംഗനവാടി പ്രവർത്തകർക്ക് ഉണ്ടാക്കുന്ന കഷ്ട്ട നഷ്ടങ്ങൾക്ക് പുറമേ ഈ കാര്യാലയത്തിലെ ജോലി ഭാരവും വർധിക്കുന്നു.

ആയതിനാൽ സൂചന (1) ലെ പരിപത്രത്തിലെ നിർദേശങ്ങൾ CDPO മാർ പാലിക്കുന്നുണ്ടെന്ന് ജില്ലാ ആഫീസർമാർ ഉറപ്പാകേണ്ടതാണ്. പ്രതിമാസ റിവ്യൂമീറ്റിങ്ങിൽ ഈ വിഷയം അജണ്ടയായി ഉൾക്കൊള്ളിച്ച് നിർദേശങ്ങൾ നൽകേണ്ടതാണ് . തുടർന്നും ഈ വിഷയത്തിൽ CDPO മാർ തെറ്റുകൾ ആവർത്തിക്കുന്ന പക്ഷം ജില്ല ഓഫീസർമാർ വ്യക്തമായ നടപടി ശിപാർശ സഹിതം മാത്രമേ തിരുത്തൽ അപേക്ഷ ഈ കാര്യാലയത്തിൽ അയക്കുവാൻ പാടുള്ളുയെന്നും നിർദേശിക്കുന്നു .

വിശ്വസ്തതയോടെ,

I/82871/2023

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 23-02-2023 16:30:54